**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 423** **21-07-2022 - ൽ മറുപടിയ്ക്ക്**

**റബ്ബർ കർഷകരുടെ ദുരിതം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ തോമസ് കെ തോമസ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | റബ്ബർ ഷീറ്റ്, റബ്ബർ ലാറ്റക്സ് എന്നിവയ്ക്ക് കാർഷിക ഉല്പന്ന പദവി ലഭ്യമാക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | റബ്ബറിനെ കാർഷിക വിളയായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന കൃഷി വകുപ്പ് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | റബ്ബർ കർഷകർ നേരിടുന്ന ദുരിതം പരിഹരിക്കുന്നതിന് പുതിയതായി ആവിഷ്കരിച്ചിട്ടുള്ള മറ്റ് പദ്ധതികൾ, ഇവയുടെ പുരോഗതി എന്നിവ വിശദമാക്കുമോ? | (ബി) | റബ്ബറിന്റെ വിലതകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോട് കൂടിയാണ് സർക്കാർ 03.07.2015-ലെ സ.ഉ. (പി) നം. 269/2015/ധന. പ്രകാരം റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന ദൈനംദിന വിലസൂചികയും (Daily Reference Price) തമ്മിലുള്ള വില വ്യത്യാസം കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം RSS- 1,2,3,4,5, ഇനം റബ്ബറിനും ലാറ്റക്സിനും സബ്സിഡി നൽകി വരുന്നു. റബ്ബർ കർഷകരുടെ ബില്ലുകൾ റബ്ബർ ബോർഡ് ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സർക്കാരിന് സമർപ്പിക്കുന്നതനുസരിച്ചാണ് സബ്സിഡി തുക കർഷകർക്ക് നൽകുന്നത് .<br><br>റബ്ബറിന്റെ ഉല്പാദന ചെലവ് വർദ്ധിച്ച സാഹചര്യം കണക്കിലെടുത്ത് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനു കീഴിൽ റബ്ബറിന്റെ താങ്ങുവില 2021 ഏപ്രിൽ 1 മുതൽ കിലോയ്ക്ക് 150 രൂപയിൽ നിന്ന് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ വർദ്ധനവ് ഷീറ്റ് റബ്ബറിനും ലാറ്റക്സിനും ബാധകമാണ്. എന്നാൽ, ഒരു കിലോ റബ്ബർ ഷീറ്റ് ഉല്പാദിപ്പിക്കുവാൻ ഉണ്ടാകുന്ന അധിക ചെലവായ 9 രൂപ താങ്ങുവിലയായ 170 രൂപയിൽ നിന്ന് കിഴിച്ചുള്ള തുകയാണ് (കിലോയ്ക്ക് |

| | | | |
|---|---|---|---|
| | | | 161 രൂപ) ഒരു കിലോ ലാറ്റക്സിന് സബ്സിഡി തുക കണക്കാക്കുന്നതിനുള്ള താങ്ങുവിലയായി നിശ്ചയിച്ചിട്ടുള്ളത്.<br><br>14/07/2022-വരെ റബ്ബർ ബോർഡ് പരിശോധിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ച കുടിശ്ശികയായി ഉണ്ടായിരുന്ന 2.31 കോടി രൂപയുടെ സബ്സിഡി തുക കർഷകർക്ക് കൈമാറുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ് .<br><br>സ്വാഭാവികമായ റബ്ബറിന്റെ ഉപയോഗം വർദ്ധിപ്പിക്കുവാൻ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് സർക്കാർ കൂടുതൽ ഊന്നൽ നൽകുന്നുണ്ട്. ഇക്കാര്യത്തിനായി വ്യവസായ വകുപ്പിനു കീഴിൽ റബ്ബർ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനായി 'CIAL Model'ൽ ഒരു റബ്ബർ കമ്പനി "കേരള റബ്ബർ ലിമിറ്റഡ്" എന്ന പേരിൽ സംസ്ഥാന സർക്കാർ രൂപം നൽകുകയും പ്രസ്തുത കമ്പനി 2021ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥാപനം പൂർണ്ണമായി സജ്ജമാകുന്നതോടെ ഈ ലക്ഷ്യം കൈവരിക്കുവാൻ സാദ്ധ്യമാകുന്നതാണ്.<br><br>പ്രകൃതിക്ഷോഭം മൂലം കൃഷി നാശത്തിനുള്ള സഹായധന പദ്ധതിയിൽ ഉൾപ്പെടുത്തി വിളനാശം ഉണ്ടാകുമ്പോൾ ടാപ്പ് ചെയ്യുന്ന റബ്ബറിന് 300 രൂപയും ടാപ്പ് ചെയ്യാത്ത റബ്ബറിന് 200 രൂപയും അനുവദിക്കുന്നു. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻഷ്വർ ചെയ്ത റബ്ബറിന് വിളനാശം ഉണ്ടാകുമ്പോൾ ടാപ്പ് ചെയ്ത റബ്ബറിന് 1000 രൂപയും ടാപ്പ് ചെയ്യാത്ത റബ്ബറിന് 600 രൂപയും അനുവദിക്കുന്നു . |

സെക്ഷൻ ഓഫീസർ